# <u>ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - ശ്രീ. ശിഹാബുദ്ധീൻ ഒ.എം., ക്ലാർക്ക്, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത **OA(EKM) 939/2025** നമ്പർ കേസിലെ **26/06/2025**-ലെ അന്തിമ വിധി- അനുപാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- **1)** കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസറുടെ **21/6/2025**- ലെ **.DMOH-KSD/1272/2025-A2.**നമ്പർ ഉത്തരവ്.

**2** ) ആരിക്കാടി കുടുംബാരോഗ്യ കേന്ദ്രത്തിലെ ക്ലാർക്ക് ശ്രീ. ശീഹാബുദ്ധീൻ ഒ.എം. ആരോഗ്യ വകുപ് ഡയറക്ടർക്കു സമർപ്പിച്ച **16/06/2025** തീയതിയിലെ **Annexure A8** അപ്പീൽ അപേക്ഷ.

**3** ) ബഹു. കേരള അഡ്മിനിസ്ട്രേടിവ് ട്രിബ്യൂണൽ **OA (EKM) No. 939/2025**- ൽ പുറപ്പെടുവിച്ച **26/06/2025**-ലെ വിധിന്യായം.

**4)**കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസറുടെ കത്ത് നമ്പർ **MOH-KSD/2928/2025-A2** - തിയതി **10-09-2025.**

**5)** ആരോഗ്യ വകുപ്പ് ഡയറക്ടറുടെ **15.03.2025.-** ലെ **EH1/6610/2024/DHS.**നമ്പർ സർക്കുലർ

**6) GO(P)No. 3/2017/PARD dated 25-02-2017**

<u>ഉത്തരവ് നം : **DHS/17278/2025-ED1**, തീയതി: **17-09-2025**</u>

കാസറഗോഡ്, ജില്ലാ മെഡിക്കൽ ഓഫീസറുടെ പരാമർശം **(1)** പ്രകാരമുള്ള പൊതു സ്ഥലം മാറ്റ ഉത്തരവ് പ്രകാരം ആരിക്കാടി കുടുംബാരോഗ്യ കേന്ദ്രത്തിലെ ക്ലാർക്ക്, ശ്രീ.ശിഹാബുദ്ധീൻ.ഒ.എം നെ എണ്ണപ്പാറ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റി നിയമിച്ചിരുന്നു. ടിയാൻ പ്രസ്തുത ഉത്തരവിനെതിരെ പരാമർശം **(2)** പ്രകാരം ആരോഗ്യ വകുപ് ഡയറക്ടർ മുൻപാകെ **Annexure A.8** അപ്പീൽ സമർപ്പിച്ചു. കൂടാതെ ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേടിവ് ട്രിബ്യൂണലിൽ **OA (EKM) 939/2025.**നമ്പർ ഹർജി ഫയൽ ചെയ്തു. **OA (EKM)**

939/2025-ൽ പരാമർശം (3) പ്രകാരം ബഹു: ട്രിബ്യൂണൽ അന്തിമ വിധി പുറപ്പെടുവിച്ചു. പ്രസ്തുത വിധിയിൽ ഹർജിക്കാരന്റെ Annexure 8 അപ്പീൽ ഹർജി വിധിപ്പകർപ്പ് ലഭിച്ചു 3 ആഴ്ചകൾക്കകം രണ്ടാം respondent ആയ ആരോഗ്യ വകുപ്പ് ഡയറക്ടർ പരിഗണിച്ചു ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു.

2.) ശ്രീ.ശിഹാബുദ്ധീൻ ഒ.എം, കാസറഗോഡ് ജില്ലയിലെ അരിക്കാടി കുടുംബാരോഗ്യ കേന്ദ്രത്തിൽ 08/08/2021- മുതൽ സേവനമനുഷ്ഠിച്ചുവരുന്നു. കാസറഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ നടത്തിയ പരാമർശം (1) പ്രകാരമുള്ള 2025 പൊതു സ്ഥലംമാറ്റ ഉത്തരവ് പ്രകാരം ശ്രീ.ശിഹാബുദ്ധീൻ ഒ.എം നെ എണ്ണപ്പാറ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റി നിയമിച്ചു. ടിയാന്റെ ഭാര്യ കാസർഗോഡ് കളക്ടറേറ്റിൽ ജോലിചെയ്തുവരുന്നുവെന്നും, ഇപ്പോൾ കാസർഗോഡ് കളക്ടറേറ്റിനടുത്താണ് താമസമാണെന്നും, രണ്ട് പെൺമക്കളും കോഴിക്കോട് മുക്കം എന്ന സ്ഥലത്താണ് പഠിക്കുന്നതെന്നും റിട്ടയർ ചെയ്യുന്നതിന് (31.05.2027) രണ്ട് വർഷം തികച്ചില്ലായെന്നും ആയതിനാൽ താൻ ട്രാൻസ്ഫറിൽ അപേക്ഷിച്ച സ്ഥലങ്ങളിലേക്ക് സ്ഥലം മാറ്റം ലഭിക്കാത്തതിനാൽ നിലവിൽ ജോലി ചെയ്യുന്നിടത്തു തന്നെ തുടരുന്നതിന് അനുവദിക്കണമെന്നുമാണ് Annexure A.8. അപ്പീൽ ഹർജിയിൽ ടിയാൻ ആവശ്യപ്പെട്ടിരുന്നത്.

3) ബഹു. കേരള അഡ്മിനിസ്ട്രേടിവ് ട്രിബ്യൂണലിന്റെ വിധിയുടെ അടിസ്ഥാനത്തിൽ ശ്രീ.ശിഹാബുദ്ധീൻ ഒ.എം.-ന്റെ Annexure A8 അപ്പീൽ ഹർജി കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസറുടെ പരാമർശം (4) പ്രകാരമുള്ള റിപ്പോർട്ടു സഹിതം വിശദമായി പരിശോധിച്ചു, ശ്രീ.ശിഹാബുദ്ധീൻ ഒ.എം,അരിക്കണ്ടി കുടുംബാരോഗ്യ കേന്ദ്രത്തിൽ 09/08/2021 മുതൽ തുടർച്ചയായി സേവനമനുഷ്ഠിച്ചുവരുന്നു. ടിയാൻ സ്ഥലംമാറ്റ ആവശ്യപ്പെട്ട സ്ഥാപനങ്ങളിൽ മുന്ന് വർഷം പൂർത്തിയായ ജീവനക്കാർ ഇല്ലായിരുന്നതിനാലും ഓപ്പൺ ഒഴിവുകൾ ഇല്ലായിരുന്നതിനാലും ആ സ്ഥാപനങ്ങളിലേക്ക് സ്ഥലംമാറ്റം അനുവദിക്കാൻ കഴിഞ്ഞില്ല. പൊതു സ്ഥലംമാറ്റ അപേക്ഷ ക്ഷണിച്ച വേളയിൽ ടിയാന് വിരമിക്കാൻ രണ്ട് വർഷത്തിൽ കൂടുതൽ സേവനകാലയളവ്

ബാക്കിയുണ്ടായിരുന്നു. ടിയാനെതിരെ മേലധികാരികൾ ജില്ലാ മെഡിക്കൽ ഓഫീസർക്കു പരാതി നൽകുകയും, ആയത് അവലോകനം ചെയ്ത ശേഷം പ്രസ്തുത സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിന് ടിയാനെ സ്ഥലം മാറ്റി നിയമിക്കേണ്ടതുണ്ട് എന്ന് ബോധ്യപ്പെടുകയും കൂടി ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് അരിക്കാടി കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മറ്റാരും സ്ഥലംമാറ്റം ആവശ്യപ്പെട്ടിട്ടില്ലയെങ്കിലും മൂന്നു വർഷത്തിൽ കൂടുതൽ ആ സ്ഥാപനത്തിൽ സേവനം അനുഷ്ഠിക്കുന്ന ശ്രീ.ശിഹാബുദ്ധീൻ ഒ.എം. നെ എണ്ണപ്പാറ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് കാസറഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ സ്ഥലംമാറ്റി നിയമിച്ചിട്ടുള്ളത്. ഈ വസ്തുതകൾ അവലോകനം ചെയ്യുമ്പോൾ കാസറഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ നടത്തിയ പരാമർശം 1 ട്രാൻസ്ഫർ ഉത്തരവ് ക്രമപ്രകാരം ഉള്ളത് തന്നെയാണെന്ന് വിലയിരുത്തുന്നു.

4) മേൽ സാഹചര്യത്തിൽ ക്ലാർക്ക് ശ്രീ.ശിഹാബുദ്ധീൻ ഒ.എം.ന്റെ **Annexure A.8** ഹർജിയിലെ ആവശ്യം നിരസിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. അപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബൂണലിന്റെ **OA (EKM) 939/2025.**ന്മേലുള്ള **26/06/2025** -ലെ ഉത്തരവ് അനുപാലിച്ച് ഉത്തരവാകുന്നു.

Signed by
Reena K J
Date: 17-09-2025 22:15:32

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്: ശ്രീ. ശിഹാബുദ്ധീൻ ഒ.എം., ക്ലാർക്ക്
കുടുംബാരോഗ്യ കേന്ദ്രം അരിക്കാടി ,കാസർഗോഡ്

പകർപ്പ് :
1. ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), കാസറഗോഡ്.
2. മെഡിക്കൽ ഓഫീസർ ,കുടുംബാരോഗ്യ കേന്ദ്രം അരിക്കാടി ,കാസർഗോഡ്
3.ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്.
3. ഫയൽ /കരുതൽ ഫയൽ